LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശാസ്താംകോട്ട സബ് ട്രഷറി വാടക കെട്ടിടത്തിലല്ല പ്രവർത്തിച്ചു വരുന്നത്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

മണലൂർ സബ് ട്രഷറിക്ക് കെട്ടിടം

144 (5849) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട് മണലൂർ സബ്ട്രഷറിക്ക് കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ട ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് എന്നാണെന്നു വ്യക്തമാക്കുമോ ;

(സി) അനുമതി നല്കാനുള്ള കാലതാമസത്തിനു കാരണമെന്തെന്നറിയിക്കുമോ ;

(ഡി) അനുമതി എന്നേയ്ക്ക് നല്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മതിയായ സ്റ്റാഫിനെ നിയമിക്കാൻ നടപടി

145 (5850) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള കോ-ഓപ്പറേറ്റീവ് റിക്കവറികളും, മറ്റ് വിധത്തിലുള്ള റിക്കവറികളും എത്തിച്ചേരുന്ന തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മതിയായ സ്റ്റാഫില്ലാത്തതിനാൽ പ്രസ്തുത റിക്കവറികളുടെ ക്യാഷ് ഓർഡറുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് കൃത്യ സമയത്ത് ട്രാൻസ്ഫർ ചെയ്തു നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റിക്കവറിയിലൂടെ അടയ്ക്കപ്പെടുന്ന തുക ബന്ധപ്പെട്ട സാമ്പത്തിക സ്ഥാപനത്തിൽ സമയത്ത് എത്താതിരിക്കുന്നതിന് കാരണമാകുകയും, ജീവനക്കാർക്ക് തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് കൂടുതൽ പലിശ വായ്പയെടുത്ത സ്ഥാപനത്തിന് നൽകേണ്ടതായി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം കാലതാമസം ഒഴിവാക്കി ശമ്പള ബില്ലിനോടൊപ്പം അടയ്ക്കുന്ന കോ-ഓപ്പറേറ്റീവ് റിക്കവറി ഉൾപ്പെടെയുള്ള എല്ലാ റിക്കവറികളും അതാത് മാസം 15-ാം തീയതിക്ക് മുമ്പെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ക്യാഷ് ഓർഡറായി എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ;

(ഡി) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഇതിനാവശ്യമായ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള കോ-ഓപ്പറേറ്റീവ് റിക്കവറികളും മറ്റ് വിധത്തിലുള്ള റിക്കവറികളും എത്തിച്ചേരുന്ന തിരുവനന്തപുരം ജില്ലാ ട്രഷറിയിൽനിന്നും പ്രസ്തുത റിക്കവറികളുടെ ക്യാഷ് ഓർഡറുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് കൃത്യസമയത്ത് തന്നെ ട്രാൻസ്ഫർ ചെയ്യുന്നുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) കൃത്യ സമയത്ത് തന്നെ ബന്ധപ്പെട്ട സാമ്പത്തിക സ്ഥാപനത്തിലേക്ക് അയച്ചുകൊടുക്കുന്നുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശമ്പള ബില്ലിനോടൊപ്പം അടയ്ക്കുന്ന കോ-ഓപ്പറേറ്റീവ് റിക്കവറിയുൾപ്പെടെയുള്ള എല്ലാ റിക്കവറികളും കൃത്യസമയത്തുതന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ക്യാഷ് ഓർഡറായി എത്തിക്കുന്നതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഇതിനാവശ്യമായ സ്റ്റാഫ് ഉണ്ട്.

പുതിയ തസ്തികകൾ

146 (5851) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-06 കാലഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചു ; ഏതെല്ലാം വകുപ്പുകളിൽ എത്രയെണ്ണം ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത് ; ഏതെല്ലാം വകുപ്പുകളിൽ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly